പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 123 — 13.6.2014-ന് മറുപടിക്ക്

## ശുചിത്വ മിഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുരളീധരൻ<br>,, ഷാഫി പറമ്പിൽ<br>,, ജോസഫ് വാഴക്കൻ<br>,, എം.എ.വാഹീദ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |

| | |
| --- | --- |
| എ) ശുചിത്വമിഷൻ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) ഉണ്ട്. ശുചിത്വ മിഷൻ വഴി മാലിന്യ മുക്ത കേരളം പദ്ധതി നടപ്പിലാക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| ബി) ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) വീടുകൾ, സ്കൂൾ, ആശുപത്രി, അംഗനവാടി എന്നിവിടങ്ങളിൽ പൂർണ്ണമായും കക്കൂസുകൾ ലഭ്യമാക്കുക, ഗൃഹങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യസംസ്കരണ സംവിധാനം സൗകര്യപ്പെടുത്തുക, ഉറവിടത്തിൽ തന്നെയുള്ള തരംതിരിച്ചുള്ള സംഭരണവും, ജൈവവസ്തുക്കളുടെ ഉറവിട സംസ്കരണവും സാധ്യമാക്കുക, ചന്ത, ആശുപത്രി, സ്കൂൾ, തുടങ്ങിയ സ്ഥലങ്ങളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുക, മാലിന്യ സംസ്കരണത്തിനായി പൊതു മാലിന്യ സംസ്ക്കരണ സംവിധാനം സാദ്ധ്യമാക്കുക, നിഷ്ക്രിയ മാലിന്യ നിർമ്മാർജ്ജന |

ത്തിന് സാനിട്ടറി ലാന്റ്ഫിൽ സംവിധാനം നടപ്പിലാക്കി തുടങ്ങുക ജനവാസകേന്ദ്രങ്ങൾ വൃത്തിയും വെടിപ്പുമുള്ളതുമാക്കുക, ദ്രവമാലിന്യ പരിപാലനത്തിനായി ഒരു ദീർഘകാല കാഴ്ചപ്പാടോടു കൂടിയ രൂപരേഖ തയ്യാറാക്കുക. നിലവിലുള്ള സ്വീവറേജ് സംവിധാനം മൂന്നുമടങ്ങാക്കി വർദ്ധിപ്പിക്കുക, എന്നിങ്ങനെ ആത്യന്തികമായി മാലിന്യമുക്ത കേരളം എന്ന ലക്ഷ്യമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

സി) പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര സഹായങ്ങൾ എന്തെല്ലാം;

വിശദമാക്കുമോ;

സി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മൽ ഭാരത് അഭിയാൻ (NBA) എന്ന പദ്ധതി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു.

ഡി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത്;

വിശദാംശങ്ങൾ എന്തെല്ലാം?

ഡി) മാലിന്യ മുക്ത കേരളം പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, റൂറൽ ഡവലപ്പ്മെന്റ് വകുപ്പ് എന്നീ വകുപ്പുകൾ വഴിയാണ് ശുചിത്വ മിഷന് തുക നൽകുന്നത്. ഇപ്രകാരം ലഭിക്കുന്ന പ്ലാൻ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ പദ്ധതി നടപ്പിലാക്കാനുള്ള സാമ്പത്തിക സഹായമായി ലഭ്യമാക്കി വരുന്നു.

സെക്ഷൻ ഓഫീസർ